**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 520** **11-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ വകുപ്പുകളിൽ വാങ്ങിയ വാഹനങ്ങളുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുന്നതിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള വിദേശയാത്ര, വിമാനയാത്ര, വാഹനം വാങ്ങൽ, കെട്ടിടങ്ങൾ മോടി പിടിപ്പിക്കൽ മുതലായ ചെലവുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായി പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് ഈ സർക്കാർ നിലവിൽ വരുമ്പോൾ തന്നെ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. ആയത് നിലവിലെ സർക്കാരും തുടർന്നു പോരുന്നുണ്ട്.<br><br>സർക്കാർ വകുപ്പുകളിൽ വാഹനം വാങ്ങുന്നതിന് നിലവിൽ നിയന്ത്രണമുണ്ട്. ഒഴിച്ചുകൂടാനാവാത്ത സന്ദർഭങ്ങളിൽ വാഹനങ്ങൾ വാങ്ങുന്നതിന് മന്ത്രിസഭയുടെ അനുമതി അനിവാര്യമാണ്. അത്തരം കേസുകളിൽ ധനകാര്യ വകുപ്പിൽ ലഭിക്കുന്ന പ്രൊപ്പോസലുകളിൽ വകുപ്പിന്റെ കൃത്യമായ അഭിപ്രായം നൽകാറുണ്ട്. പുതിയ വാഹനം വാങ്ങാൻ മന്ത്രിസഭയുടെ അനുമതി ലഭിക്കുന്നവയിൽ അന്തിമ അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. അതുകൊണ്ടു തന്നെ വാങ്ങിയ എല്ലാ വാഹനങ്ങളുടെയും ആയതിന്റെ ചെലവ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ ധനവകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സർക്കാർ വകുപ്പുകളിൽ വാങ്ങിയ വാഹനങ്ങൾ എത്രയാണെന്നും അവയുടെ ഇനവും വകുപ്പ് തിരിച്ചുള്ള വിശദവിവരം നൽകാമോ; അതിനായി ചെലവഴിച്ച തുകയുടെ വിശദാംശം വകുപ്പ് തിരിച്ചു ലഭ്യമാക്കുമോ? | (ബി) | സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായി പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് ഈ സർക്കാർ നിലവിൽ വരുമ്പോൾ തന്നെ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. ആയത് നിലവിലെ സർക്കാരും തുടർന്നു പോരുന്നുണ്ട്.<br><br>സർക്കാർ വകുപ്പുകളിൽ വാഹനം വാങ്ങുന്നതിന് നിലവിൽ നിയന്ത്രണമുണ്ട്. ഒഴിച്ചുകൂടാനാവാത്ത സന്ദർഭങ്ങളിൽ വാഹനങ്ങൾ വാങ്ങുന്നതിന് മന്ത്രിസഭയുടെ അനുമതി അനിവാര്യമാണ്. അത്തരം കേസുകളിൽ ധനകാര്യ വകുപ്പിൽ ലഭിക്കുന്ന പ്രൊപ്പോസലുകളിൽ വകുപ്പിന്റെ കൃത്യമായ അഭിപ്രായം നൽകാറുണ്ട്. പുതിയ വാഹനം വാങ്ങാൻ മന്ത്രിസഭയുടെ അനുമതി ലഭിക്കുന്നവയിൽ അന്തിമ അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. അതുകൊണ്ടു തന്നെ വാങ്ങിയ എല്ലാ വാഹനങ്ങളുടെയും ആയതിന്റെ ചെലവ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ ധനവകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ